# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -1 | 28.01.2019 ൽ മറുപടിക്ക്

## ഹർത്താലിലെ വ്യാപക അക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ മാസം നടന്ന ഹർത്താലിൽ ഉണ്ടായ വ്യാപകമായ ആക്രമണങ്ങൾ നേരിടുന്നതിൽ പോലീസിന് ഗുരുതരമായ വീഴ്ച ഉണ്ടായതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ക്രമസമാധാനം തകർക്കുക എന്ന ലക്ഷ്യമാണ് ഹർത്താലിന് ആഹ്വാനം ചെയ്തവർക്കുണ്ടായിരുന്നത്. ഇത് മുൻകൂട്ടി കണ്ടുകൊണ്ടുള്ള കരുതൽ തടങ്കലും, പോലീസ് പിക്കറ്റും പോലീസ് ഏർപ്പെടുത്തി. അതോടൊപ്പം സാമൂഹ്യ മാധ്യമങ്ങളിലൂടെ കലാപത്തിന് ആഹ്വാനം ചെയ്യുന്നതും, അത്തരം സന്ദേശങ്ങൾ കൈമാറുന്നതും കുറ്റമായി കണ്ട് നടപടിയെടുക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിച്ചു. ഇത്തരത്തിൽ പോലീസ് ഏർപ്പെടുത്തിയ ശക്തമായ നടപടികൾ കാരണം സംസ്ഥാനത്ത് കലാപമുണ്ടാക്കാൻ ലക്ഷ്യമിട്ട ഗൂഢപദ്ധതികൾ നടക്കാതെ പോവുകയാണുണ്ടായത്. |
| (ബി) | ഇതോടനുബന്ധിച്ച നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | ഉണ്ട്. 3.01.2019 ലെ ഹർത്താലുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിച്ച വകയിൽ 28,43,072/- രൂപയും സ്വകാര്യമുതൽ നശിപ്പിച്ച വകയിൽ 1,03,28,526/- രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) ആക്രമണം നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) ഹർത്താലിൽ അക്രമം നടത്തിയവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അക്രമികളിൽ കുറെപേരെ സംഭവസ്ഥലത്തു വച്ചും മറ്റുള്ളവരെ അക്രമ സംഭവങ്ങൾ ചിത്രീകരിച്ച വീഡിയോ/ഫോട്ടോകളിൽ നിന്നും തിരിച്ചറിഞ്ഞും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരം ആക്രമണങ്ങളിൽ സ്വകാര്യ, പൊതു മുതൽ നശിപ്പിക്കുന്നവർക്കെതിരെ കടുത്ത ശിക്ഷ നൽകുന്നതിനുള്ള നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) വർഗീയ കലാപങ്ങൾ, ബന്ദ്, ഹർത്താൽ, പണിമുടക്ക്,റോഡ് ഗതാഗതം സ്തംഭി പ്പിക്കൽ, പ്രകടനങ്ങൾ, ധർണ്ണകൾ, മാർച്ച്, ജാഥകൾ മുതലായവ നടത്തി പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ Prevention of Damage to Public Property Act 1984 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കാനും കുറ്റക്കാരിൽ നിന്ന് നഷ്ടം ഈടാക്കാനും വ്യവസ്ഥയുണ്ട്.<br>ഇതിനു പുറമെ, സ്വകാര്യമുതലുകൾ നശിപ്പിക്കുന്നത് തടയാനായി സർക്കാർ പ്രത്യേക ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019 ജനുവരി 8 ന് നിലവിൽ വന്ന " The Kerala Prevention of Damage to Private Property and Payment of Compensation Ordinance 2019" പ്രകാരം വർഗീയ കലാപങ്ങൾ, ഹർത്താൽ, ബന്ദ്, പ്രകടനങ്ങൾ, മാർച്ച്, ജാഥ, റോഡ് ഗതാഗതം സ്തംഭിപ്പിക്കൽ എന്നിവ മൂലം സ്വകാര്യമുതലുകൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം ഈടാക്കാനും വ്യവസ്ഥയുണ്ട്.<br>നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ പിഴയോടുകൂടി അഞ്ചു വർഷം വരെ തടവുശിക്ഷ നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. സ്ഫോടനം,തീ എന്നിവയ്ക്ക് കാരണമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ജീവപര്യന്തമോ,പത്തുവർഷം വരെ തടവും |

പിഴയുമോ ശിക്ഷ നൽകാനുള്ള വ്യവസ്ഥയുമുണ്ട്.ജാമ്യ അപേക്ഷയിൽ പ്രോസിക്യൂഷന് കേൾക്കാനുള്ള അവസരം നൽകുക.നശിപ്പിക്കപ്പെട്ട മുതൽ സംബന്ധിച്ച മൂല്യം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി നിർണ്ണയിക്കുകയും ആ തുകയുടെ പകുതി സെക്യൂരിറ്റിയായി കോടതിയിൽ കെട്ടിവയ്ക്കുക.ഇവ ചെയ്യാത്തപക്ഷം ജാമ്യം ലഭിക്കുകയില്ല എന്നും ഓർഡിനൻസിൽ വ്യവസ്ഥ ചെയ്യുന്നു.

സെക്ഷൻ ഓഫീസർ